**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 685** **28-01-2026 - ൽ മറുപടിയ്ക്ക്**

**മലമ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മലമ്പുഴ മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ വികസന പ്രവൃത്തികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; ഓരോ പ്രവർത്തിക്കും അനുവദിച്ച തുക, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്നീ വിശദാംശം ലഭ്യമാക്കാമോ? | (എ) | **കെ.എസ്.ഇ.ബി.എൽ.**<br><br>മലമ്പുഴ നിയോജക മണ്ഡലത്തിൽ സൗര ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി 1,44,00,000/- രൂപ ചെലവിൽ 326 kW സ്ഥാപിത ശേഷിയിൽ 30 പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>കൂടാതെ കെ.എസ്.ഇ.ബി.-യുടെ തനത് ഫണ്ട് ഉപയോഗിച്ച് 16,11,61,124/- രൂപ ചെലവിൽ 3000 kW സ്ഥാപിത ശേഷിയിൽ ഒരു സോളാർ പ്ലാന്റും, പി എം കുസും പദ്ധതിയിൽ ഉൾപ്പെടുത്തി 11,38,00,000/- രൂപ ചെലവിൽ 2000 kW സ്ഥാപിത ശേഷിയിൽ ഒരു സോളാർ പ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്.<br><br>ഇതിനു പുറമെ മലമ്പുഴ നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന 1,95,230/- രൂപ ചെലവിൽ 7 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മലമ്പുഴ മണ്ഡലത്തിൽ വിതരണ വിഭാഗത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ വികസന പ്രവൃത്തികളുടെ വിവരങ്ങൾ **അനുബന്ധമായി** ചേർക്കുന്നു.<br><br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രസരണ വിഭാഗത്തിൽ മലമ്പുഴ നിയോജകമണ്ഡലത്തിൽ പൂർത്തീകരിച്ച പദ്ധതികൾ**:** |

| **പദ്ധതി** | **അനുവദിച്ച തുക (ലക്ഷം)** | **പുരോഗതി** |
|---|---|---|
| 1. കഞ്ചിക്കോട് **3** മെഗാവാട്ട് സോളാർ പ്ലാന്റ് നിർമ്മാണം | 1611 | ഫെബ്രുവരി **2022-**ൽ പൂർത്തീകരിച്ചു |
| 2. മലമ്പുഴ **33** കെ.വി സബ് സ്റ്റേഷനിൽ **16 MVA, 110 /33** കെ**.**വി ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | 100 | ഏപ്രിൽ **2022-**ൽ പൂർത്തീകരിച്ചു |
| 3. മലമ്പുഴ-ഒലവക്കോട് **33** കെ.വി**.** ഓവർ ഹെഡ് ലൈൻ | 234 | ജൂൺ |

| | | |
|---|---|---|
| നിർമ്മാണം<br><br>**(8** കി. മീ**)** | | **2022-**ൽ പൂർത്തീകരിച്ചു |
| 4. കഞ്ചിക്കോട് വ്യവസായ മേഖലയിൽ ചിരകാലമായി നില നിന്നിരുന്ന വൈദ്യുതി തടസ്സങ്ങൾ നീക്കം ചെയ്യാൻ കഞ്ചിക്കോട് **220** കെ. വി. സബ്സ്റ്റേഷനിൽ പുതിയ കൺട്രോൾ റൂം പണിത് നവീകരണ പ്രവൃത്തികൾ | 500 | ഫെബ്രുവരി **2025-**ൽ പൂർത്തീകരിച്ചു |
| 5. കഞ്ചിക്കോട് 110 കെ. വി. സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കലും വിപുലീകരണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ | 2360 | പുരോഗമിക്കുന്നു |

**<u>അനെർട്ട്</u>**

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മലമ്പുഴ മണ്ഡലത്തിൽ അനെർട്ട് മുഖേന, മലമ്പുഴ കുടുംബാരോഗ്യ കേന്ദ്രത്തിൽ 10 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയം സ്ഥാപിച്ചു. പദ്ധതി പൂർത്തീകരണത്തിനായി 8,03,392/- രൂപ ചെലവഴിച്ചു. രാജ്യത്തെ കർഷകർക്ക് ജലസേചന ആവശ്യത്തിനുള്ള പമ്പുകൾ സൗരോർജ്ജം ഉപയോഗപ്പെടുത്തി വൈദ്യുതീകരിക്കുന്നതിനുള്ള പദ്ധതിയാണ് പ്രധാനമന്ത്രി കുസും പദ്ധതി (PM KUSUM). കൃഷി ഭവൻ മുഖേനെ സൗജന്യ കാർഷിക വൈദ്യുതി കണക്ഷനുള്ള പമ്പുകൾ സൗരോർജ്ജവൽക്കരിക്കുന്ന പദ്ധതിയാണിത്. ബെഞ്ച്മാർക് തുകയുടെ 30% കേന്ദ്ര സബ്സിഡിയായി ഈ പദ്ധതിയിലൂടെ ലഭ്യമാകുന്നു. ബാക്കി വരുന്ന തുക (സംസ്ഥാന വിഹിതം + കർഷക വിഹിതം) നബാർഡ്-RIDF ലോൺ വഴിയാണ് കണ്ടെത്തുന്നത്. MNRE നിന്നും അനുമതി ലഭിച്ച 9348 പമ്പുകളാണ് സൗരോർജ്ജവൽക്കരിക്കുന്നത്. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ് എറണാകുളം എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

അനെർട്ട് നടപ്പിലാക്കുന്ന പ്രധാനമന്ത്രി കുസും-പദ്ധതി (PM KUSUM) യിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിലെ 2396 പമ്പുകൾ സൗരോർജ്ജവത്ക്കരിക്കുന്നതിന് 83.57 കോടി രൂപ നബാർഡ് RIDF ലോൺ വഴി അനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി മലമ്പുഴ മണ്ഡലത്തിലെ മലമ്പുഴ, എലപ്പുള്ളി, പുതുശ്ശേരി, കൊടുമ്പ്, പുതുപ്പരിയാരം, അകത്തേത്തറ, മരുതറോഡ് കൃഷി ഭവനുകളിൽ 331 പമ്പുകൾ സൗരോർജ്ജവൽക്കരിക്കുവാൻ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്, ആയതിൽ 80 എണ്ണം നിർമ്മാണം പൂർത്തീകരിക്കുകയും അവ വൈദ്യുതി ശൃംഖലയുമായി ബന്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**<u>എനർജി മാനേജ്മെന്റ് സെന്റർ</u>**

നവകേരളം കർമ്മ പദ്ധതി നെറ്റ് സീറോ കാർബൺ കേരളത്തിനായി പാലക്കാട് ജില്ലയിൽ തെരഞ്ഞെടുത്ത അകത്തേത്തറ പഞ്ചായത്തിലെ 26 അങ്കണവാടികളിൽ എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി.)

| | | | |
|---|---|---|---|
| | | | അംഗൻജ്യോതി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി വൈദ്യുത ഇൻഡക്ഷൻ അടുപ്പ്, ഇൻഡക്ഷന് അനുയോജ്യമായ ആറ് തരം പാത്രങ്ങൾ എന്നിവ നൽകിയിരുന്നു. ഇതുവഴി ഓഫ് പീക്ക് സമയത്തെ വൈദ്യുതി പാചകം പ്രോത്സാഹിപ്പിക്കുവാനും എൽപിജി ഉപയോഗം കുറയ്ക്കുവാനും സാധിക്കുന്നതാണ്. 26 അങ്കണവാടികളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി 2,44,218/- രൂപ ഇ.എം.സി. ചെലവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | പ്രവൃത്തിയുടെ വിശദാംശങ്ങൾ | തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | തെരുവ് വിളക്കിനായുള്ള വൈദ്യുതി ലൈനുകളും അനുബന്ധ പ്രതിഷ്ഠാപനങ്ങളും സ്ഥാപിക്കുന്ന പ്രവൃത്തി | 3,68,63,301/- | LSGD ഫണ്ട് വിനിയോഗിച്ച് വർക്ക് പൂർത്തീകരിച്ചു |
| 2 | വൈദ്യുതി സുരക്ഷാ മുൻഗണന നൽകി ലൈനുകൾ കവചിതമാക്കുന്ന പ്രവൃത്തികൾ | 2,55,846/- | MLA ഫണ്ട് - വിനിയോഗിച്ച് വർക്ക് പൂർത്തീകരിച്ചു |
| 3 | വൈദ്യുതി തകരാറുകൾ കണ്ടുപിടിക്കാൻ FPI സ്ഥാപിക്കുന്ന പ്രവൃത്തി | 5,95,743/- | KSEBLഫണ്ട് - വിനിയോഗിച്ച് വർക്ക് പൂർത്തീകരിച്ചു |
| 4 | HT ഏരിയൽ ബഞ്ച്ഡ് കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തി | 2,00,31,855 /- | KSEBL ഫണ്ട് - വിനിയോഗിച്ച് വർക്ക് 98% പൂർത്തീകരിച്ചു |
| 5 | HT ഓവർ ഹെഡ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി | 2,70,29,622/- | KSEBL ഫണ്ട് - വിനിയോഗിച്ച് വർക്ക് പൂർത്തീകരിച്ചു |
| 6 | LT ഏരിയൽ ബഞ്ച്ഡ് കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തി | 1,92,67,319/- | KSEBL ഫണ്ട് -വിനിയോഗിച്ച് 95% വർക്ക് പൂർത്തീകരിച്ചു |
| 7 | LT കവചിക കമ്പി (കവചിത ചാലകം) സ്ഥാപിക്കുന്ന പ്രവൃത്തി | 30,40,940/- | KSEBL ഫണ്ട് - വിനിയോഗിച്ച് 90% വർക്ക് പൂർത്തീകരിച്ചു |
| 8 | LT ഓവർ ഹെഡ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി | 3,01,13,857/- | KSEBL ഫണ്ട് - വിനിയോഗിച്ച് 60% വർക്ക് പൂർത്തീകരിച്ചു |
| 9 | ട്രാൻസ്ഫോർമറിന്റെ ശേഷി വർധിപ്പിക്കുന്ന പ്രവൃത്തി | 3,93,71,41/- | KSEBL ഫണ്ട് - വിനിയോഗിച്ച് 85% വർക്ക് പൂർത്തീകരിച്ചു |
| 10 | സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ആക്കുന്ന പ്രവൃത്തി | 1,52,89,409/- | KSEBL ഫണ്ട് - വിനിയോഗിച്ച് 85% വർക്ക് പൂർത്തീകരിച്ചു |
| 11 | നിലവിലെ കാലപ്പഴക്കമുള്ള ഓവർ ഹെഡ് കമ്പികൾ മാറ്റുന്ന പ്രവൃത്തി | 19,68,87,937/- | KSEBL ഫണ്ട് - വിനിയോഗിച്ച് 85% വർക്ക് പൂർത്തീകരിച്ചു |
| 12 | കാലപ്പഴക്കമുള്ള വൈദ്യുതി പ്രതിഷ്ഠാപനങ്ങളുടെ അറ്റകുറ്റപണികൾ | 8,14,754/- | KSEBL ഫണ്ട് - വിനിയോഗിച്ച് 85% വർക്ക് പൂർത്തീകരിച്ചു |

| | | | |
|---|---|---|---|
| 13 | HT കവചിത കമ്പി സ്ഥാപിക്കുന്ന പ്രവൃത്തി | 5,16,81,400/- | RDSS – 27.67 % വർക്ക് പൂർത്തീകരിച്ചു |
| 14 | LT കവചിത കമ്പി സ്ഥാപിക്കുന്ന പ്രവൃത്തി | 8,95,40,000/- | RDSS – 5 % വർക്ക് പൂർത്തീകരിച്ചു |
| 15 | ട്രാൻസ്ഫോർമറിന്റെ ശേഷി വർധിപ്പിക്കുന്ന പ്രവൃത്തി | 25,71,000/- | പ്രവർത്തികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു |
| | **ആകെ തുക** | **49,79,20,124/-** | |